## പിതാശ്രീയുടെ പുണ്യസ്മൃതി ദിവസത്തിൽ പ്രഭാത ക്ലാസിൽ കേൾപ്പിക്കുന്നതിനായുള്ള ബാപ്ദാദയുടെ മധുര അമൂല്യ മഹാവാക്യങ്ങൾ

ഓം ശാന്തി. ആത്മീയ അച്ഛൻ ഇപ്പോൾ നിങ്ങൾ ആത്മീയ കുട്ടികളോട് ആത്മീയ സംഭാഷണം ചെയ്യുകയാണ്, ശിക്ഷണം നൽകുകയാണ്. ടീച്ചറുടെ ജോലിയാണ് ശിക്ഷണം നൽകുക, ഗുരുവിന്റെ ജോലിയാണ് ലക്ഷ്യം പറഞ്ഞു തരിക. ലക്ഷ്യമാണ് മുക്തി, ജീവിതമുക്തിയുടേത്. മുക്തിക്ക് ഓർമയുടെ യാത്ര വളരെ അത്യാവശ്യമാണ്. മുക്ത ജീവിതത്തിന് സൃഷ്ടിയുടെ ആദ്യ മധ്യ അന്ത്യത്തെ അറിയേണ്ടത് അത്യാവശ്യമാണ്. ഇപ്പോൾ 84 ന്റെ ചക്രം പൂർത്തിയാവുകയാണ് ഇനി തിരികെ വീട്ടിലേക്ക് പോകണം. അവനവനോട് ഇങ്ങനെ ഇങ്ങനെയുള്ള കാര്യങ്ങൾ സംസാരിക്കുന്നതിലൂടെ വലിയ സന്തോഷം ഉണ്ടാകും. പിന്നീട് മറ്റുള്ളവരെയും സന്തോഷത്തിലേക്ക് കൊണ്ടുവരാം. തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകുന്നതിന്റെ വഴി പറഞ്ഞു കൊടുക്കുന്ന പരിശ്രമം മറ്റുള്ളവർക്കു മേലും ചെയ്യണം. ബാബ നിങ്ങൾ കുട്ടികൾക്ക് പുണ്യത്തിന്റെയും പാപത്തിന്റെയും ഗഹന ഗതിയും മനസ്സിലാക്കി തന്നു. പുണ്യം എന്താണ് പാപം എന്താണ്! ഏറ്റവും വലിയ പുണ്യമാണ് ബാബയെ ഓർമ്മിക്കുക,മറ്റുള്ളവർക്കും ഓർമ്മ നൽകുക. സെൻറർ തുറക്കുക, ശരീരം മനസ്, ധനം മറ്റുള്ളവരുടെ സേവനത്തിൽ ചെലവഴിക്കുക ഇതാണ് പുണ്യം. സംഗദോഷത്തിൽ വന്ന് വ്യർഥചിന്തനം, പരചിന്തനത്തിൽ തന്റെ സമയം പാഴാക്കുക ഇതാണ് പാപം. അഥവാ ആരെങ്കിലും പുണ്യം ചെയ്തു ചെയ്തു പാപം ചെയ്തു തുടങ്ങുകയാണെങ്കിൽ സമ്പാദ്യം മുഴുവൻ അവസാനിക്കുന്നു. എന്തെല്ലാം പുണ്യം ചെയ്തിട്ടുണ്ടോ അതെല്ലാം അവസാനിക്കുന്നു, പിന്നീട് ശേഖരണത്തിന് വിപരീതം സംഭവിക്കുന്നു. പാപകർമ്മത്തിന്റെ ശിക്ഷയും ജ്ഞാനീ തു ആത്മാ കുട്ടികൾക്ക് നൂറുമടങ്ങാണ്, എന്തെന്നാൽ സത് ഗുരുവിന്റെ നിന്ദകരായി മാറുന്നു. അതിനാൽ ബാബ ശിക്ഷണം നൽകുകയാണ് മധുരമായ കുട്ടികളെ ഒരിക്കലും പാപ കർമ്മം ചെയ്യരുത്. വികാരങ്ങളുടെ അടിയേൽക്കുന്നതിൽ നിന്നും സുരക്ഷിതമായിരിക്കുക.

ബാബയ്ക്ക് കുട്ടികളോട് സ്നേഹമാണ് അതിനാൽ ദയയും ഉണ്ടാകുന്നു. ബാബ അനുഭവം കേൾപ്പിക്കുകയാണ് എപ്പോൾ ഏകാന്തതയിലിരിക്കുന്നുവോ അപ്പോൾ ആദ്യം അനന്യരായ കുട്ടികളെ ഓർമ്മ വരുന്നു. അഥവാ വിദേശത്ത് ആയിക്കോട്ടെ അല്ലെങ്കിൽ എവിടെയും ആയിക്കോട്ടെ. ഏതെങ്കിലും നല്ല സേവനയുക്തരായ കുട്ടി ശരീരം വിടുന്നുവെങ്കിൽ ആ ആത്മാവിനെയും ഓർമ്മിച്ചു സെർച്ച് ലൈറ്റ് നൽകുന്നു. ഇത് നിങ്ങൾ കുട്ടികൾക്ക് അറിയാം ഇവിടെ രണ്ട് ദീപങ്ങൾ ഉണ്ട്, രണ്ട് പ്രകാശവും ഒന്നിച്ചാണ്. ഇത് രണ്ടും ശക്തമായ പ്രകാശമാണ്. പ്രഭാതത്തിലെ സമയം നല്ലതാണ്, കുളിച്ച് ഏകാന്തതയിൽ പോകണം. ഉള്ളിൽ സന്തോഷവും വളരെ ഉണ്ടാകണം.

പരിധിയില്ലാത്ത ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ് മധുരമായ കുട്ടികളെ അവനവനെ ആത്മാവെന്ന് മനസ്സിലാക്കി എന്നെ അച്ഛനെയും സ്വന്തം വീടിനെയും ഓർമ്മിക്കൂ. കുട്ടികളെ ഈ ഓർമ്മയുടെ യാത്രയും ഒരിക്കലും മറക്കരുത്, ഓർമയിലൂടെ തന്നെയാണ് നിങ്ങൾ പാവനമാവുക. പാവനമാകാതെ നിങ്ങൾക്ക് വീട്ടിലേക്ക് മടങ്ങി പോകാൻ കഴിയില്ല. മുഖ്യമാണ് ജ്ഞാനവും യോഗവും. ഇതാണ് ബാബയുടെ അടുക്കൽ കുട്ടികൾക്ക് നൽകുന്നതിനായുള്ള വളരെ വലിയ ഖജനാക്കൾ. ഇതിൽ യോഗത്തിന്റേത് വളരെ വലിയ വിഷയമാണ്. കുട്ടികൾ നല്ല രീതിയിൽ ഓർമ്മിക്കുന്നുവെങ്കിൽ ബാബക്കും ഓർമ്മയിലൂടെ ഓർമ്മ ലഭിക്കുന്നു. ഓർമ്മയിലൂടെ കുട്ടികൾ ബാബയെ ആകർഷിക്കുന്നു. അവസാനം വരുന്നവർ ഉയർന്ന പദവി നേടുന്നതിന്റെയും ആധാരം ഓർമ്മയാണ്. അവർ ആകർഷിക്കുന്നു. പറയാറുണ്ടല്ലോ ബാബാ ദയ കാണിക്കൂ കൃപ കാണിക്കൂ. ഇതിലും മുഖ്യമായി വേണ്ടത് ഓർമ്മയാണ്. ഓർമ്മയിലൂടെ തന്നെയാണ് കറന്റ് ലഭിക്കുക. ഇതിലൂടെ ആത്മാവ് ആരോഗ്യശാലിയാകുന്നു, നിറവുള്ളതാകുന്നു. ഏതെങ്കിലും സമയത്ത് ബാബയ്ക്ക് ഏതെങ്കിലും കുട്ടികൾക്ക് കറൻറ് നൽകണമെങ്കിൽ ഉറക്കവും പോകുന്നു, ഈ ചിന്ത വന്നുകൊണ്ടിരിക്കുന്നു ഇന്നയാൾക്ക് കറൻറ് നൽകണം. നിങ്ങൾക്കറിയാം കറന്റ് ലഭിക്കുന്നതിലൂടെ ആയുസ്സ് വർദ്ധിക്കുന്നു. സദാ ആരോഗ്യശാലിയാകുന്നു. ഇങ്ങനെയും ഒരു സ്ഥലത്തിരുന്ന് ഓർമ്മിക്കണം. ബാബ മനസ്സിലാക്കി തരുന്നു നടക്കുമ്പോഴും കറങ്ങുമ്പോഴും ഭോജനം കഴിക്കുമ്പോഴും കാര്യങ്ങൾ ചെയ്തുകൊണ്ടും ബാബയെ ഓർമ്മിക്കൂ. മറ്റുള്ളവർക്ക് കറൻറ് നൽകണമെങ്കിൽ രാത്രിയിലും ഉണർന്നിരിക്കൂ. കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട് പ്രഭാതത്തിൽ എണീറ്റ് എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും ആകർഷണം ഉണ്ടാകും. ബാബയും സെർച്ച് ലൈറ്റ് നൽകും. ആത്മാവിനെ ഓർമിക്കുക അർത്ഥം സെർച്ച് ലൈറ്റ് നൽകുക, പിന്നെ ഇതിനെ കൃപയെന്ന് പറയാം ആശിർവാദം എന്നും പറയാം.

നിങ്ങൾ കുട്ടികൾക്ക് അറിയാം ഇത് അനാദി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ഇത് ജയ

പരാജയത്തിന്റെ കളിയാണ്. എന്ത് സംഭവിക്കുന്നുവോ അത് ശരിയാണ്. രചയിതാവിന് ഡ്രാമ തീർച്ചയായും ഇഷ്ടമായിരിക്കുമല്ലോ. അപ്പോൾ രചയിതാവിന്റെ കുട്ടികൾക്കും ഇഷ്ടമാകും. ഈ ഡ്രാമയിൽ ബാബ ഒരേയൊരു തവണ കുട്ടികളുടെ അടുക്കൽ കുട്ടികളോട് ഹൃദയംഗമമായ തീവ്ര പ്രേമത്തോടെ സേവനം ചെയ്യുവാനായി വരുന്നു. ബാബയ്ക്ക് എല്ലാ കുട്ടികളും പ്രിയപ്പെട്ടവരാണ്. നിങ്ങൾക്കറിയാം സത്യയുഗത്തിലും എല്ലാവരും പരസ്പരം വളരെ സ്നേഹിക്കുന്നു. മൃഗങ്ങൾക്ക് പോലും സ്നേഹമുണ്ടാകുന്നു. സ്നേഹത്തോടെ കഴിയാത്തതായി ഇങ്ങനെയൊരു മൃഗവും ഉണ്ടാവുകയില്ല. അപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഇവിടെ മാസ്റ്റർ സ്നേഹത്തിന്റെ സാഗരമാകണം. ഇവിടെ ആകുമെങ്കിൽ സംസ്കാരം അവിനാശിയായി മാറും. ബാബ പറയുന്നു കൽപ്പം മുമ്പത്തേതുപോലെ തന്നെ വീണ്ടും സ്നേഹിയാക്കുവാനായി വന്നിരിക്കുകയാണ്. എപ്പോഴെങ്കിലും ഏതെങ്കിലും കുട്ടികളുടെ ദേഷ്യത്തിന്റെ സ്വരം കേൾക്കുകയാണെങ്കിൽ ബാബ ശിക്ഷണം നൽകുന്നു–കുട്ടികളെ ദേഷ്യപ്പെടുന്നത് ശരിയല്ല ഇതിൽ നിങ്ങളും ദു?ഖിയാകും മറ്റുള്ളവരെയും ദു?ഖിയാക്കും. ബാബ സദാകാലത്തെ സുഖം നൽകുന്ന ആളാണ് എങ്കിൽ കുട്ടികൾക്കും ബാപ്സമാനമാകണം. പരസ്പരം ഒരിക്കലും ദു?ഖം നൽകരുത്. വളരെ വളരെ സ്നേഹിയാകണം. സ്നേഹി അച്ഛനെ വളരെ സ്നേഹത്തോടെ ഓർമിക്കുകയാണെങ്കിൽ അവനവനും മംഗളം, മറ്റുള്ളവർക്കും മംഗളം ചെയ്യാം.

ഇപ്പോൾ വിശ്വത്തിന്റെ അധികാരി നിങ്ങളുടെ അടുക്കൽ അതിഥിയായി വന്നിരിക്കുകയാണ്. നിങ്ങൾ കുട്ടികളുടെ സഹയോഗത്തിലൂടെ തന്നെയാണ് വിശ്വത്തിന്റെ മംഗളം സംഭവിക്കേണ്ടത്. നിങ്ങൾ ആത്മീയ കുട്ടികൾക്ക് ബാബ എങ്ങനെയാണോ അതിസ്നേഹിയായി തോന്നുന്നത്,അങ്ങനെ തന്നെ ബാബയ്ക്കും നിങ്ങൾ ആത്മീയ കുട്ടികളെ വളരെ പ്രിയപ്പെട്ടതായി തോന്നുന്നു. എന്തെന്നാൽ നിങ്ങൾ തന്നെയാണ് ശ്രീമതത്തിലൂടെ മുഴുവൻ വിശ്വത്തിന്റെയും മംഗളം ചെയ്യുന്നവർ. ഇപ്പോൾ നിങ്ങൾ ഇവിടെ ഈശ്വരീയ കുടുംബത്തിൽ ഇരിക്കുകയാണ്. ബാബ സൻമുഖത്തിരിക്കുന്നു. നിന്നിൽ നിന്നു തന്നെ കഴിക്കും, നിന്നോട് കൂടെ തന്നെ ഇരിക്കും.. നിങ്ങൾക്കറിയാം ശിവബാബ ഇദ്ദേഹത്തിൽ വന്ന് പറയുന്നു മധുരമായ കുട്ടികളെ ദേഹസഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും മറന്നു എന്നെ മാത്രം ഓർമിക്കു. ഇത് അന്തിമജന്മം ആണ് ഈ പഴയ ലോകം, പഴയ ദേഹം നശിക്കാൻ പോവുകയാണ്. ചൊല്ലുണ്ട് താങ്കൾ മരിച്ചാൽ ലോകം മരിച്ചു. പുരുഷാർത്ഥത്തിന് വേണ്ടി കുറച്ച് സംഗമത്തിന്റെ സമയമുണ്ട്. കുട്ടികൾ ചോദിക്കുന്നു ബാബാ ഈ പഠിപ്പ് ഏത് വരെ നടക്കും! ഏതുവരെ ദൈവിക രാജധാനി സ്ഥാപന ആകുന്നുവോ അതുവരേക്കും കേൾപ്പിച്ചു കൊണ്ടിരിക്കും.പിന്നീട് ട്രാൻസ്ഫർ ആകും പുതിയ ലോകത്തേക്ക്. ബാബ എത്ര നിരഹങ്കാരത്തോടെ നിങ്ങൾ കുട്ടികളുടെ സേവനം ചെയ്യുന്നു, അപ്പോൾ നിങ്ങൾ കുട്ടികൾക്കും ഇത്രയും സേവനം ചെയ്യണം. ശ്രീമതത്തിലൂടെ നടക്കണം . എവിടെയെങ്കിലും തന്റെ മതം കാണിക്കുകയാണെങ്കിൽ ഭാഗ്യത്തിന് കുറുകെ വര വീഴും. നിങ്ങൾ ബ്രാഹ്മണർ ഈശ്വരിയ സന്താനമാണ്. ബ്രഹ്മാവിന്റെ വംശാവലി സഹോദരി സഹോദരന്മാരാണ്. ഈശ്വരിയ പൗത്രി പൗത്രന്മാരാണ്. ആ സമ്പത്ത് നേടികൊണ്ടിരിക്കുകയാണ്. എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും പദവി നേടും. ഇതിൽ സാക്ഷിയായി ഇരിക്കുന്നതിന്റെ വളരെ അഭ്യാസം വേണം. ബാബയുടെ ആദ്യത്തെ ആജ്ഞയാണ് അശരീരി ഭവ, ദേഹി അഭിമാനി ഭവ. അവനവനെ ആത്മാവായി മനസ്സിലാക്കി അച്ഛനായ എന്നെ ഓർമിക്കു, അപ്പോഴേ കറ വീണത് പോവുക യുള്ളൂ. സത്യമായ സ്വർണ്ണമായി മാറും. നിങ്ങൾ കുട്ടികൾക്ക് അധികാരത്തോടെ പറയാൻ സാധിക്കും ഓ ബാബ, ഓ മധുരമായ ബാബ അങ്ങ് എന്നെ സ്വന്തമാക്കി സർവ്വതും സമ്പത്തായി നൽകിയിരിക്കുന്നു . ഈ സമ്പത്ത് ആർക്കും തട്ടിയെടുക്കാൻ സാധിക്കുകയില്ല, ഇത്രയും നിങ്ങൾ കുട്ടികൾക്ക് ലഹരി ഉണ്ടായിരിക്കണം. നിങ്ങൾ തന്നെയാണ് എല്ലാവർക്കും മുക്തി, ജീവിതമുക്തിയുടെ വഴി പറഞ്ഞു കൊടുക്കുന്ന ലൈറ്റ് ഹൗസ്. എണീക്കുമ്പോഴും ഇരിക്കുമ്പോഴും,നടക്കുമ്പോഴും കറക്കുമ്പോഴും നിങ്ങൾ ലൈറ്റ് ഹൗസ് ആയിരിക്കു.

ബാബ പറയുന്നു കുട്ടികളെ ഇനി സമയം വളരെ കുറവാണ്. പറയാറുണ്ട് ഒരു മണിക്കൂർ അര മണിക്കൂർ... എത്രത്തോളം സാധിക്കുമോ ഒരു ബാബയെ ഓർമ്മിക്കുന്നതിൽ മുഴുകൂ, പിന്നീട് ചാർട്ടിനെ വർദ്ധിപ്പിച്ചു കൊണ്ടിരിക്കൂ. ശരി!

മധുര മധുരമായ കളഞ്ഞു പോയി തിരികെ കിട്ടിയ ഭാഗ്യശാലി സ്നേഹി ജ്ഞാന നക്ഷത്രങ്ങൾക്ക് മാതാ പിതാവായ ബാപ്ദാദയുടെ ഹൃദയംഗമമായ തീവ്ര പ്രേമത്തോടെ സ്നേഹസ്മരണയും സു പ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

**അവ്യക്തമഹാവാക്യം – നിരന്തര യോഗി ആകൂ**

ഒരു സെക്കൻഡിൽ സ്വിച്ച് ഓൺ ഓഫ് ചെയ്യാറുള്ളത് പോലെ ഒരു സെക്കൻഡിൽ ശരീരത്തിന്റെ ആധാരം എടുത്തു പിന്നെ ഒരു സെക്കൻഡിൽ ശരീരത്തിൽ നിന്നുപരി അശരീരി സ്ഥിതിയിൽ സ്ഥിതി ചെയ്യൂ. ഇപ്പോഴിപ്പോൾ ശരീരത്തിലേക്ക് വന്നു പിന്നെ ഇപ്പോഴിപ്പോൾ അശരീരിയായി. ഈ അഭ്യാസം ചെയ്യണം. ഇതിനെ തന്നെയാണ് കർമ്മാതീത അവസ്ഥ എന്ന് പറയുന്നത്. ഏതെങ്കിലും വസ്ത്രം ധരിക്കുന്നതും ധരിക്കാതിരിക്കുന്നതും സ്വന്തം കയ്യിലാണ് എന്നപോലെ. ആവശ്യകത ഉണ്ട് ധരിച്ചു, ആവശ്യമില്ലാതായി അപ്പോൾ അഴിച്ചു. ഇങ്ങനെ തന്നെ അനുഭവം ശരീരമാകുന്ന വസ്ത്രത്തെ ധരിക്കുന്നതിലും അഴിക്കുന്നതിലും ഉണ്ടാകണം. കർമ്മം ചെയ്തുകൊണ്ടും ഇങ്ങനെ അനുഭവം ഉണ്ടാകണം, ഏതോ വസ്ത്രം ധരിച്ച് കാര്യം ചെയ്യുകയാണ്. കാര്യം പൂർത്തിയായി വസ്ത്രത്തിൽ നിന്ന് വേറിട്ടു. ശരീരവും ആത്മാവും രണ്ടിന്റെയും വേറിടൽ നടക്കുമ്പോഴും കറങ്ങുമ്പോഴും അനുഭവമാകണം . പ്രാക്ടീസ് ചെയ്യുന്നതുപോലെ പക്ഷേ ഈ പ്രാക്ടീസ് ആർക്കാണ് സാധിക്കുക? ആരാണ് ശരീരത്തിന് ഒപ്പം ശരീരത്തിന്റെ സംബന്ധത്തിൽ ഏതെല്ലാം കാര്യങ്ങൾ ഉണ്ടോ ശരീരത്തിന്റെ ലോകം, സംബന്ധങ്ങൾ, അനേകം വസ്തുക്കൾ അവയിൽ നിന്നും തീർത്തും നിർമോഹിയാകുക, അല്പം പോലും ആകർഷണം ഉണ്ടാകരുത് അപ്പോൾ വേറിടുവാൻ സാധിക്കും. അഥവാ സൂക്ഷ്മ സങ്കല്പം പോലും ഭാരരഹിതമല്ല എങ്കിൽ, നിർമോഹി ആകാൻ കഴിയുന്നില്ല എങ്കിൽ, വേറിടുന്നതിന്റെ അനുഭവം ചെയ്യാൻ സാധിക്കുകയില്ല. അപ്പോൾ ഓരോരുത്തർക്കും ഇനി ഈ അഭ്യാസം ചെയ്യണം. തീർത്തും വേറിട്ട അനുഭവം ഉണ്ടാകണം. ഈ സ്ഥിതിയിൽ കഴിയുന്നതിലൂടെ അന്യ ആത്മാക്കൾക്കും താങ്കളിൽ നിന്നും വേറിടുന്നതിന്റെ അനുഭവം ഉണ്ടാകും, അവരും തിരിച്ചറിയും. യോഗത്തിൽ ഇരിക്കുന്ന സമയം പല ആത്മാക്കൾക്കും അനുഭവം ഉണ്ടാകാറില്ലേ ഇതുപോലെ, ഈ ഡ്രിൽ ചെയ്യിക്കുന്നയാൾ വേറിട്ട സ്ഥിതിയിലാണ്, ഇങ്ങനെ നടക്കുമ്പോഴും കറങ്ങുമ്പോഴും മാലാഖയുടെ സാക്ഷാത്കാരം ഉണ്ടാകും. ഇവിടെ ഇരുന്നുകൊണ്ടും അനേകാത്മക്കൾക്ക് ആരെല്ലാം താങ്കളുടെ സത്യയുഗ കുടുംബത്തിൽ സമീപം വരുന്നവരുണ്ടോ അവർക്ക് താങ്കളുടെ എല്ലാം മാലാഖാ രൂപത്തിന്റെയും ഭാവിരാജപദവിയുടെയും രണ്ടിന്റെയും ഒന്നിച്ച് സാക്ഷാത്കാരം ഉണ്ടാകും. ആരംഭത്തിൽ ബ്രഹ്മാവിൽ നിന്ന് സമ്പൂർണ്ണ സ്വരൂപത്തിന്റെയും ശ്രീകൃഷ്ണന്റെയും രണ്ടും ഒപ്പം ഒപ്പം സാക്ഷാൽക്കാരം ചെയ്തിരുന്ന പോലെ. ഇങ്ങനെ ഇനി അവർക്ക് നിങ്ങളുടെ ഡബിൾ രൂപത്തിന്റെ സാക്ഷാത്കാരം ഉണ്ടാകും. യഥാക്രമം ഈ വേറിട്ട സ്ഥിതിയിൽ വന്നുകൊണ്ടിരിക്കും അതനുസരിച്ച് താങ്കൾക്കും ഡബിൾ സാക്ഷാൽക്കാരം ഉണ്ടാകും. ഇപ്പോൾ ഇത് പൂർണ്ണ അഭ്യാസം ആകണം എങ്കിൽ അവിടവിടെ നിന്ന് ഇതേ വാർത്ത വരുവാൻ ആരംഭിക്കും. ആരംഭത്തിൽ വീട്ടിലിരുന്നു കൊണ്ടും അനേക സമീപം വരുന്ന ആത്മാക്കൾക്ക് സാക്ഷാത്കാരം ഉണ്ടായതുപോലെ. അങ്ങനെ ഇനിയും സാക്ഷാത്കാരം ഉണ്ടാകും. ഇവിടെ ഇരുന്നുകൊണ്ടും താങ്കളുടെ സൂക്ഷ്മ സ്വരൂപം സേവനം ചെയ്യും. ഇപ്പോൾ ഈ സേവനം ബാക്കിയായിരിക്കുന്നു. സാകാരത്തിൽ എല്ലാ ഉദാഹരണവും കണ്ടിട്ടുണ്ട്. എല്ലാ കാര്യങ്ങളും യഥാക്രമം ഡ്രാമ അനുസരിച്ച് നടക്കണം. എത്രത്തോളം സ്വയം മാലാഖ സ്വരൂപത്തിൽ ആകുന്നുവോ അത്രയും താങ്കളുടെ മാലാഖാരൂപം സേവനം ചെയ്യും. ആത്മാവിന് മുഴുവൻ വിശ്വത്തെ ചുറ്റി വരുന്നതിന് എത്ര സമയമെടുക്കും? താങ്കളുടെ സൂക്ഷ്മ സ്വരൂപവും സേവനം ചെയ്യണമെങ്കിൽ ഈ വേറിട്ട സ്ഥിതിയിൽ കഴിയണം. സ്വയം മാലാഖ രൂപത്തിൽ സ്ഥിതിചെയ്യും. ആരംഭത്തിൽ എല്ലാവരും സാക്ഷാത്കാരം ചെയ്തിരുന്നു. മാലാഖ രൂപത്തിലുള്ള സമ്പൂർണ്ണ സ്ഥിതിയും പുരുഷാർത്ഥി സ്ഥിതിയും രണ്ടും വേറെ വേറെ സാക്ഷാത്കാരം ഉണ്ടായിരുന്നു. സാധാരണ ബ്രഹ്മാവിന്റെയും സമ്പൂർണ്ണ ബ്രഹ്മാവിന്റെയും വേറെ വേറെ സാക്ഷാത്കാരം ഉണ്ടായിരുന്നത് പോലെ. അങ്ങനെ അനന്യ കുട്ടികളുടെയും സാക്ഷാത്കാരം ഉണ്ടാകും . ബഹളം ആരംഭിക്കുമ്പോൾ സാകാര ശരീരത്തിലൂടെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല, ഈ സേവനത്തിലൂടെയാണ് പ്രഭാവവും പതിയുക. ആരംഭത്തിലും സാക്ഷാൽ കാര്യത്തിലൂടെ തന്നെയാണല്ലോ പ്രഭാവം ഉണ്ടായിരുന്നത്. പരോക്ഷവും അപരോക്ഷവും ആയ അനുഭവം പ്രഭാവം ചെലുത്തി. അങ്ങനെ അന്തിമത്തിലും ഈ സേവനം ഉണ്ടാകണം. തന്റെ സമ്പൂർണ്ണ സ്വരൂപത്തിന്റെ സാക്ഷാത്കാരം അവനവന് ഉണ്ടാകുന്നുണ്ടോ? ഇപ്പോൾ ശക്തികളെ വിളിക്കുന്നത് ആരംഭിച്ചിരിക്കുന്നു. ഇപ്പോൾ പരമാത്മാവിനെ കുറച്ചേ വിളിക്കുന്നുള്ളൂ ശക്തികളെ വിളിക്കുന്നത് തീവ്രവേഗതയിൽ ആയിരിക്കുന്നു. അപ്പോൾ ഇങ്ങനെയുള്ള അഭ്യാസം ഇടയ്ക്കിടെ ചെയ്യണം. ശീലം ഉണ്ടാകുന്നതിലൂടെ പിന്നീട് വളരെ ആനന്ദം തോന്നും. ഒരു സെക്കൻഡിൽ ആത്മാവ് ശരീരത്തിൽ നിന്ന് വേറിടും, അഭ്യാസം ഉണ്ടാകും. ഇപ്പോൾ ഇതേ പുരുഷാർത്ഥം ചെയ്യണം.

വർത്തമാനസമയം മനനശക്തിയിലൂടെ ആത്മാവിൽ സർവ്വശക്തികളും നിറയ്ക്കുന്നതിന്റെ ആവശ്യകതയുണ്ട്, അപ്പോൾ മഗ്ന അവസ്ഥ ഉണ്ടാകും, വിഘ്നം അപ്രത്യക്ഷമാകും. വിഘ്നങ്ങളുടെ അല അപ്പോഴാണ് വരുന്നത് എപ്പോഴാണോ ആത്മീയതയിലേക്കുള്ള ഫോഴ്സ് കുറഞ്ഞു പോകുന്നത്.

വർത്തമാനസമയം ശിവരാത്രിയുടെ സേവനത്തിന് മുമ്പ് സ്വയത്തിൽ ശക്തി നിറയ്ക്കുന്നതിനുള്ള ഫോഴ്സ് വേണം. യോഗത്തിന്റെ പരിപാടി വെച്ചാലും പക്ഷേ യോഗത്തിലൂടെ ശക്തികളുടെ അനുഭവം ചെയ്യുക, ചെയ്യിക്കുക ഇനി ഇങ്ങനെയുള്ള ക്ലാസുകളുടെ ആവശ്യകതയുണ്ട്. പ്രായോഗികമായി സ്വന്തം ബലത്തിന്റെ ആധാരത്തിലൂടെ മറ്റുള്ളവർക്ക് ബലം നൽകണം. കേവലം പുറമേയുള്ള സേവനത്തിന്റെ പദ്ധതി ആലോചിക്കാതെ പൂർണമായും ദൃഷ്ടി എല്ലാ ഭാഗത്തേക്കും പതിയണം. ആരാണ് നിമിത്തം ആയിരിക്കുന്നത് അവർക്ക് ഈ ചിന്ത വരണം നമ്മുടെ പൂന്തോട്ടം ഏത് കാര്യത്തിലാണ് ദുർബലമായിരിക്കുന്നത്. ഏതു രീതിയിൽ എങ്കിലും തന്റെ പൂന്തോട്ടത്തിന്റെ ദുർബലതയ്ക്കു മേൽ കടുത്ത ദൃഷ്ടി വയ്ക്കണം, സമയം നൽകിയും ദുർബലതകളെ അവസാനിപ്പിക്കണം.

സാകാര രൂപത്തെ കണ്ടതുപോലെ, ഇങ്ങനെയുള്ള അലയുടെ ഏതെങ്കിലും സമയത്ത് രാവും പകലും സകാശ് നൽകുന്നതിനുള്ള വിശേഷ സേവനം, വിശേഷ പദ്ധതികൾ നടന്നിരുന്നു. ദുർബല ആത്മാക്കൾക്ക് ബലം നിറയ്ക്കുന്നതിനുള്ള വിശേഷ ശ്രദ്ധ ഉണ്ടായിരുന്നു. അതിലൂടെ അനേക ആത്മാക്കൾക്ക് അനുഭവവും ഉണ്ടായിരുന്നു. രാത്രി രാത്രി കൂടി സമയം എടുത്ത് ആത്മാക്കൾക്ക് സകാശ് നിറയ്ക്കുവാനുള്ള സേവനം നടന്നിരുന്നു. ഇപ്പോൾ വിശേഷ സകാശ് നൽകുവാനുള്ള സേവനം ചെയ്യണം. ലൈറ്റ് ഹൗസ്, മൈറ്റ് ഹൗസ് ആയി ഈ സേവനം പ്രത്യേകിച്ചും ചെയ്യണം. അപ്പോൾ നാനാ ഭാഗത്തും ലൈറ്റ്, മൈറ്റിന്റെ പ്രഭാവം പരക്കും. ഇപ്പോൾ ഇതാണ് ആവശ്യമായുള്ളത്. ഏതെങ്കിലും ധനവാൻ ഉണ്ടെങ്കിൽ തന്റെ സമീപ സംബന്ധികൾക്ക് സഹായം നൽകി ഉയർത്തിയെടുക്കുന്ന പോലെ. ഇങ്ങനെ വർത്തമാന സമയത്ത് ഏതെല്ലാം ദുർബല ആത്മാക്കൾ സമ്പർക്കത്തിലും സംബന്ധത്തിലും ഉണ്ടോ അവർക്ക് വിശേഷ സകാശ് നൽകണം. ശരി.

## വരദാനം : ആയിരം കൈകളുള്ള ബ്രഹ്മാബാബയുടെ കൂട്ടിന്റെ നിരന്തര അനുഭവം ചെയ്യുന്ന സത്യമായ സ്നേഹിയായി ഭവിക്കട്ടെ.

വർത്തമാന സമയം ആയിരം കൈകളുള്ള ബ്രഹ്മാബാബയുടെ രൂപത്തിന്റെ പാർട്ട് നടക്കുകയാണ്. ആത്മാവില്ലാതെ കയ്യിന് ഒന്നും ചെയ്യാൻ സാധിക്കില്ല എന്നപോലെ ബാപ്ദാദയില്ലാതെ ഭുജങ്ങൾ ആകുന്ന കുട്ടികൾക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. ഓരോ കാര്യത്തിലും ആദ്യം ബാബയുടെ സഹയോഗമാണ്. ഏതുവരെ സ്ഥാപനയുടെ പാർട്ട് ഉണ്ടോ അതുവരേക്കും ബാപ്ദാദ കുട്ടികളുടെ ഓരോ സങ്കൽപ്പത്തിലും സെക്കന്റിലും ഒപ്പമൊപ്പം ഉണ്ട്. അതിനാൽ ഒരിക്കലും വേർപാടിന്റെ തിരശ്ശീലയിട്ട് വിയോഗി ആകരുത്. പ്രേമത്തിന്റെ സാഗരത്തിന്റെ അലകളിൽ മുഴുകൂ. ഗുണഗാനം ചെയ്യൂ എന്നാൽ മുറിവേറ്റവർ ആകരുത്. ബാബയുടെ സ്നേഹത്തിന്റെ പ്രത്യക്ഷ സ്വരൂപം സേവനത്തിന്റെ സ്നേഹിയാകൂ.

## സ്ലോഗൻ:- അശരീരി സ്ഥിതിയുടെ അനുഭവം അഥവാ അഭ്യാസം തന്നെയാണ് നമ്പർ മുന്നിലേക്ക് വരുന്നതിനുള്ള ആധാരം.

**തന്റെ ശക്തിശാലി മനസിലൂടെ സകാശ് നൽകുന്നതിനുള്ള സേവനം ചെയ്യൂ**
ഒരോ സമയവും ഓരോ ആത്മാവിനെ പ്രതിയും മനസാ സ്വതവേ ശുഭഭാവനയുടെയും ശുഭകാമനയുടെയും ശുദ്ധ വൈബ്രേഷൻ ഉള്ളവരായി സ്വയത്തിനും റ്റുള്ളവർക്കും അനുഭവമാകട്ടെ. മനസ്സിലൂടെ ഓരോ സമയവും സർവ്വ ആത്മാക്കളെയും പ്രതി ആശിർവാദങ്ങൾ പുറപ്പെട്ടു കൊണ്ടിരിക്കട്ടെ. മനസാ സദാ ഈ സേവനത്തിൽ ബിസി ആയി ഇരിക്കട്ടെ. വാചാ സേവനത്തിൽ ബിസിയായി കഴിയുന്നതിനുള്ള അനുഭവിയായതുപോലെ. സേവനം ലഭിക്കുന്നില്ലെങ്കിൽ അവനവനെ കാലിയായി അനുഭവം ചെയ്യുന്നു. ഇങ്ങനെ ഓരോ സമയത്തും വാക്കിനോടൊപ്പം ഒപ്പം മനസാ സേവനം സ്വതവേ നടന്നുകൊണ്ടിരിക്കട്ടെ.